# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 3<br>December 3 | 2019 |
|---|---|

*1193 വൃശ്ചികം 17* ചൊവ്വ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മദ്യം, മയക്കുമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് സ്പെഷ്യൽ ഡ്രൈവ്**

ക്രിസ്തുമസ്-പുതുവത്സര ആഘോഷ കാലത്ത് അനധികൃത മദ്യം, മയക്കുമരുന്ന് കടത്ത് എന്നിവ തടയുന്നതിന് ജില്ലയിൽ എക്സൈസ് വകുപ്പ് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എൻ.കെ.മോഹൻകുമാർ അറിയിച്ചു.

ഈമാസം അഞ്ചു മുതൽ 2020 ജനുവരി അഞ്ചു വരെ ജാഗ്രതാ ദിനങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടു ്. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസ് കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. കൂടാതെ ജില്ലയിലെ ര ് ഓഫീസുകൾ കേന്ദ്രമാക്കി ര ് സ്ട്രൈക്കിംഗ്ഫോഴ്സ് പ്രത്യേകമായി രൂപീകരിച്ചു. പരാതികളിലും, രഹസ്യവിവരങ്ങളിലും അടിയന്തിര നടപടി എടുക്കും. സംശയാസ്പദമായ സാഹചര്യങ്ങളിൽ അടിയന്തിരമായി ഇടപെടുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പ്രത്യേക ഇന്റലിജൻസ് ടീമിനേയും സജ്ജമാക്കി. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം നിരീക്ഷിക്കുന്നതിനായി ഷാഡോ എക്സൈസ് ടീമിനെ നിയോഗിച്ചു. മദ്യ ഉത്പാദന വിപണനകേന്ദ്രങ്ങളിലും, വനപ്രദേശങ്ങളിലും പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകൾ ആരംഭിച്ചു.

രാത്രികാലങ്ങളിൽ വാഹനപരിശോധനകൾ കർശനമാക്കി. വാഹന പരിശോധനകൾക്കായി പ്രത്യേക ടീമിനെ സജ്ജമാക്കി. ജില്ലയിലെ പ്രധാന പാതകളെല്ലാം എക്സൈസ് ഫോഴ്സിന്റെ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. സംശയാസ്പദമായ സാഹചര്യത്തിലുള്ള വാഹനങ്ങൾ, കടകൾ, തുറസായ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവ കർശനമായും പരിശോധിക്കും. കള്ളുഷാപ്പുകൾ, ബാറുകൾ, മറ്റ് ലൈസൻസ് സ്ഥാപനങ്ങൾ എന്നിവ പരിശോധനകൾ നടത്തി സാമ്പിളുകൾ എടുത്തുവരുന്നു. വ്യാപാരസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പാൻമസാല, പാൻപരാഗ്, മറ്റ് ലഹരിവസ്തുക്കളുടെ വിൽപ്പന എന്നിവ കർശനമായി തടയുന്നതിന് നിർദേശം നൽകി. അനധികൃത മദ്യം, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ ജനങ്ങൾ അറിയിക്കണമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

വിവരങ്ങൾ കൈമാറേ നമ്പരുകൾ: ജില്ലാ കൺട്രോൾറൂം, പത്തനംതിട്ട 04682222873. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ സ്ക്വാഡ് , പത്തനംതിട്ട 9400069473. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ , പത്തനംതിട്ട 9400069466. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ , അടൂർ 9400069464. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, റാന്നി9400069468. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, മല്ലപ്പള്ളി 9400069470. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ , തിരുവല്ല 9400069472. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, പത്തനംതിട്ട 9400069476. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, കോന്നി 9400069477. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, റാന്നി 9400069478. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, ചിറ്റാർ 9400069479. എക്സൈസ് റേഞ്ച് ഓഫീസ്, അടൂർ 9400069475. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, മല്ലപ്പള്ളി 9400069480. എക്സൈസ് ഇൻസ്പെക്ടർ , എക്സൈസ് റേഞ്ച് ഓഫീസ്, തിരുവല്ല 9400069481. അസി. എക്സൈസ് കമ്മീഷണർ, പത്തനംതിട്ട 9496002863. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പത്തനംതിട്ട 9447178055.

(പിഎൻപി 3436/19)

## നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ പിടികൂടി

വടശേരിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നിരോധിച്ച 26 കിലോ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പിടിച്ചെടുത്ത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നശിപ്പിക്കുന്നതിന് ഹരിത കർമ്മ സേനയ്ക്ക് കൈമാറി. പരിശോധനകൾ തുടരുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നവംബർ ഒന്നു മുതൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ചിരുന്നു. തുടർന്നും വിൽപന നടത്തിയ സ്ഥാപനങ്ങളിൽ നിന്നുമാണ് പിഴ ഈടാക്കിയത്.

(പിഎൻപി 3437/19)

## സാക്ഷ്യപത്രം സമർപ്പിക്കണം

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ നിന്നും 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ ലഭിക്കുന്ന 60 വയസ് തികയാത്ത ഗുണഭോക്താക്കൾ വിവാഹം, പുനർവിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രം ഡിസംബർ 31നകം ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നിശ്ചിത തീയതിക്ക് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുടെ പെൻഷൻ തടഞ്ഞുവയ്ക്കും.

(പിഎൻപി 3438/19)

## ലോക മണ്ണുദിനാചരണം; ജില്ലാതല മത്സരവിജയികൾ

മണ്ണുപര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ജില്ലാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ലോക മണ്ണുദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ വിദ്യാർഥികൾക്കായി നടത്തിയ ഉപന്യാസം, പെയിന്റിംഗ് മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടത്തിയത്.

ഉപന്യാസ മത്സരത്തിൽ യു.പി വിഭാഗത്തിൽ കോന്നി ആർ.വി.എച്ച്.എസ്.എസിലെ അപർണ ജി.നാഥ്, പ്രമാടം നേതാജി എച്ച്.എസ്.എസിലെ അരുന്ധതി എം.എസ്, പത്തനംതിട്ട കാതോലിക്കറ്റ് ഹയർസെക്കന്ററി സ്കൂളിലെ നന്മ സേറ രാജീവ് എന്നിവർ ഒന്നും ര ും മൂന്നും സ്ഥാനങ്ങൽ നേടി.

ഹൈസ്ക്കൂൾ വിഭാഗം മത്സരത്തിൽ പത്തനംതിട്ട മർത്തോമ എച്ച്.എസ്.എസിലെ മിന ഫാത്തിമ, ലിമ്യ വർഗീസ് എന്നിവർ ഒന്നും ര ും സ്ഥാനം നേടി. പ്രമാടം നേതാജി എച്ച്.എസ്.എസിലെ സ്നേഹ എസ്. നായർ, കോന്നി ആർ.വി.എച്ച്.എസ്.എസിലെ അർച്ചന സുരേഷ് എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു.

പെയിന്റിങ് മത്സരത്തിൽ യു.പി വിഭാഗം നാരങ്ങാനം സാവിയോ സ്കൂളിലെ അരുണിമ പ്രദീപ്, പത്തനംതിട്ട അമൃത വിദ്യാലയത്തിലെ ആദർശ് ആർ.നാഥ്, ചെന്നീർക്കര കേന്ദ്രീയ വിദ്യാലയത്തിലെ നക്ഷത്ര എം. ലൗജിത്ത് എന്നിവർ ഒന്നും ര ും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ പ്രമാടം നേതാജി എച്ച്.എസ്.എസിലെ ലക്ഷ്മിപ്രിയ, സ്നേഹ നായർ, പത്തനംതിട്ട മേരി മാതാ പബ്ലിക് സ്കൂളിലെ അശ്വിൻ പ്രദീപ് എന്നിവർ ഒന്നും ര ും മൂന്നും സ്ഥാനം കരസ്ഥമാക്കി.

(പിഎൻപി 3439/19)

## ടെ ർ ക്ഷണിച്ചു

സംയോജിത ശിശുവികസന പദ്ധതിയിൽ ഉൾപ്പെട്ട പന്തളം2 (കുളനട) ശിശുവികസന പദ്ധതി ഓഫീസിന്റെ പരിധിയിലുള്ള 90 അംഗനവാടിക്കും ഒരു മിനി അംഗനവാടിക്കും ആവശ്യമായ കളി സാമഗ്രികളും, പഠനോപകരണങ്ങളും വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെ റുകൾ ക്ഷണിച്ചു. ടെ റുകൾ ലഭിക്കേ അവസാന തീയതി ഡിസംബർ 19ന് 2.30ന്. കൂടുതൽ വിവരങ്ങൾക്ക് പന്തളം ബ്ലോക്ക് ഓഫീസ് കോമ്പൗ ിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസ് സന്ദർശിക്കുക.ഫോൺ: 04734 262620

(പിഎൻപി 3440/19)

## സൗജന്യ പി.എസ്.സി പരിശീലനം

ന്യൂനപക്ഷ വകുപ്പിനു കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പി.എസ്.സി പരിശീലന കേന്ദ്രത്തിൽ 2020 ജനുവരി ഒന്നു മുതൽ ആരംഭിക്കുന്ന ആറുമാസ സൗജന്യ പരിശീലന ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് പരീക്ഷകൾക്ക് തയാറെടുക്കുന്ന 18 വയസ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികളുടെ സൗകര്യമനുസരിച്ച് റഗുലർ, ഹോളിഡേ ബാച്ചുകൾ ലഭ്യമാണ്. ന്യൂനപക്ഷ വിഭാഗത്തിന് പുറമെ 20 ശതമാനം സീറ്റുകൾ ഒ.ബി.സി വിഭാഗത്തിന് നൽകും. എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പും ഫോട്ടോയും സഹിതം പ്രിൻസിപ്പൽ , കോച്ചിംഗ് സെന്റർ മൈനോറിറ്റി യൂത്ത്, തൈക്കാവ് സ്കൂൾ കോമ്പൗ ്, പത്തനംതിട്ട- 689 645 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷാ ഫോറം ഓഫീസിൽ നിന്ന് ലഭിക്കും. അവസാന തീയതി ഡിസംബർ 13. കൂടുതൽ വിവരങ്ങൾ 0468 2329521, 9961602993 എന്ന നമ്പറിലും www.minoritywelfare.kerala.gov.in വെബ് സൈറ്റിലും ലഭിക്കും.

(പിഎൻപി 3441/19)

## പെൻഷൻ പദ്ധതി

പ്രധാൻമന്ത്രി ശ്രം യോഗി മൻധൻ യോജന ചെറുകിട വ്യാപാരി ദേശീയ പെൻഷൻ പദ്ധതി എന്നീ പെൻഷൻ പദ്ധതികളിൽ ചുമട്ടുതൊഴിലാളികൾ, കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവർ, നിർമ്മാണ മേഖലയിലെ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, മോട്ടോർ വെഹിക്കിൾ ജീവനക്കാർ, കടയുടമകൾ, സ്വയം തൊഴിൽ സംരംഭകർ, മില്ലുടമകൾ, കമ്മീഷൻ ഏജന്റുമാർ, റിയൽ എസ്റ്റേറ്റ് ബ്രോക്കർമാർ, ചെറുകിട ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾ, മറ്റു ചെറുകിട വ്യാപാരികൾ എന്നീ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ അംഗമാകാമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

18വയസ് മുതൽ 40 വരെയുള്ള 15,000 രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം. അവരവരുടെ പ്രായത്തിനനുസരിച്ച് പ്രതിമാസ വിഹിതം 60

വയസ് വരെ അടയ്ക്കണം.ഗുണഭോക്താക്കൾക്ക് 60 വയസിനുശേഷം മിനിമം പെൻഷൻ മാസം തോറും 3,000 രൂപ പദ്ധതി ഉറപ്പാക്കും.ഗുണഭോക്താവ് മരിച്ചാൽ പങ്കാളിക്ക് (ഭാര്യ/ഭർത്താവ്) പെൻഷൻ തുകയുടെ 50 ശതമാനം കുടുംബ പെൻഷനായി ലഭിക്കും. ആധാർ നമ്പരും സേവിംഗ്സ് ബാങ്ക് അക്കൗ ും നിർബന്ധമായും ഉ ായിരിക്കണം.ഇ.എസ്.ഐ, ഇ.പി.എഫ് ദേശീയ പെൻഷൻ പദ്ധതി എന്നിവയിൽ അംഗങ്ങളായവർക്ക് ഈ സ്കീം ബാധകമല്ല. കൂടുതൽ വിവരങ്ങൾക്ക് ജനസേവനകേന്ദ്രങ്ങൾ, കേന്ദ്ര / സംസ്ഥാന ലേബർ ഓഫീസുകൾ ഇ എസ് സി ഐ.ഇ:പി എഫ് ഒ ഓഫീസുകൾ, എൽഐസി ബ്രാഞ്ച് ഓഫീസുകൾ, 1800-267-6888 എന്ന ടോൾ ഫ്രീ നമ്പർ, https:// labour.gov.in എന്ന വെബ് പോർട്ടൽ എന്നിവിടങ്ങളിൽ ബന്ധപ്പെടണം.

(പിഎൻപി 3442/19)

## ലോകമണ്ണ് ദിനാചരണം ഉദ്ഘാടനം നാളെ(5)

മണ്ണുപര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ലാതല ലോകമണ്ണുദിനാചരണത്തിന്റെ ഉദ്ഘാടനം അയിരൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നാളെ(ഡിസംബർ 5) രാവിലെ 10.30 ന് രാജു എബ്രഹാം എം.എൽ.എ നിർവഹിക്കും. അയിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ടി തോമസ്കുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മുഖ്യപ്രഭാഷണം നടത്തുകയും ചിറ്റാർ ഗ്രാമപഞ്ചായത്തിലെ മണ്ണ് ഭൂവിഭവ റിപ്പോർട്ടിന്റെ പ്രകാശനം നിർവഹിക്കുകയും ചെയ്യും. ചിറ്റാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രവികല എബി റിപ്പോർട്ട് ഏറ്റുവാങ്ങും.ലോകമണ്ണുദിനാചരണത്തോട് അനുബന്ധിച്ച് വിദ്യാർഥികൾക്കായി വകുപ്പ് നടത്തിയ മത്സര വിജയികൾക്കുള്ള സമ്മാനദാനം കോയിപ്രം ബ്ലോക്ക് പ്രസിഡന്റ് ആർ. കൃഷ്ണകുമാർ നിർവഹിക്കും. സോയിൽ ഹെൽത്ത് കാർഡ് വിതരണം, കാർഷിക സെമിനാർ എന്നിവയും നടക്കും. കൃഷി വകുപ്പിന്റെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല വേദിക്ക് സമീപം പ്രവർത്തിക്കും. കർഷകരുടെ മണ്ണ് സാമ്പിളുകൾ സൗജന്യമായി ഇവിടെ പരിശോധിക്കാം.

(പിഎൻപി 3443/19)

## ജോലി ഒഴിവ്

കോന്നി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ (സി.എഫ്.ആർ.ഡി) കീഴിലുള്ള ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലബോറട്ടറിയിലേക്ക് ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിക്കുന്നതിനായി എറണാകുളത്തുള്ള സപ്ലൈകോ ഹെഡ് ഓഫീസിൽ പുതുതായി ആരംഭിക്കുന്ന കളക്ഷൻ സെന്ററിലേക്ക് ഒരു കളക്ഷൻ ഏജന്റിനെ / ബിസിനസ് പ്രൊമോട്ടറെ പ്രതിമാസം 15000 രൂപ പ്രതിമാസ വേതനത്തോടൊപ്പം 10 ശതമാനം കമ്മീഷനും ഉൾപ്പെടെ കരാർ അടിസ്ഥാനത്തിൽ നിയമിക്കും. യോഗ്യത 50 ശതമാനം മാർക്കിൽ കുറയാത്ത ഫുഡ് ടെക്നോജി / മൈക്രോ യോളജി ബിരുദം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 12. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും www.supplycokerala.com സന്ദർശിക്കുക.

(പിഎൻപി 3444/19)

## മസ്റ്ററിംഗ്

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് അക്ഷയകേന്ദ്രം വഴിയും, പഞ്ചായത്ത് ഓഫീസ് മുഖേന തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ചെയ്യാമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 3445/19)




# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഡിസംബർ 3<br>December 3 | **2019** |
|---|---|

*1193 വൃശ്ചികം 17* ചൊവ്വ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ര ാം ഘട്ട വരട്ടാർ പുനരുജ്ജീവന ശില്പശാല**

**വരട്ടാർ– ആദിപമ്പ പുനരുജ്ജീവനം ജനകീയ കൂട്ടായ്മകളുടെ വലിയ ഉദാഹരണം: മന്ത്രി കെ. കൃഷ്ണൻ കുട്ടി**

ജനകീയ കൂട്ടായ്മകളിലൂടെ വലിയ മാറ്റങ്ങൾ ഉ ാകുമെന്നതിന്റെ വലിയ ഉദാഹരണമാണ് വരട്ടാർ–ആദിപമ്പ പുനരുജ്ജീവനമെന്നു ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി പറഞ്ഞു. ചെങ്ങന്നൂർ ഇടനാട് വഞ്ചിപ്പോട്ടിൽ കടവിൽ ര ാംഘട്ട വരട്ടാർ പുനരുജ്ജീവന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് നദികളുടെ വീ ടുപ്പു പുരോഗമിക്കുകയാണ്. ഇത് കൃഷിക്കും ഉപകാരപ്രദമാണ്. കേരളത്തിൽ ആധുനിക രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

(പിഎൻപി 3446/19)

## വരട്ടാർ ഒഴുകി തുടങ്ങുമ്പോൾ പുരയിട കൃഷിക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം: മന്ത്രി തോമസ് ഐസക്

വരട്ടാർ ഒഴുകി തുടങ്ങുമ്പോൾ പുരയിട കൃഷിക്കുള്ള സാധ്യതകളെയും പ്രയോജനപെടുത്തണമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. വരാട്ടർ–ആദിപമ്പ പുനരുജ്ജീവനത്തോടനുബന്ധിച്ചുള്ള മൂന്ന് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും മുഖ്യ പ്രഭാഷണം നടത്തിയ മന്ത്രി പറഞ്ഞു. വരട്ടാർ ഉണരുമ്പോൾ ടൂറിസം സാധ്യതകളും ഉയരും. മാന്നാർ മുതൽ ആറന്മുള വരെയുള്ള ടൂറിസം പദ്ധതി വരട്ടാറിനെ കേന്ദ്രീകരിച്ചാണുള്ളത്. ര ാംഘട്ട വരട്ടാർ പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നതോടൊപ്പം സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുകയും വരട്ടാർ കടന്നു പോകുന്ന എല്ലാ പഞ്ചായത്തുകളിലും ജൈവ വൈവിധ്യ ബോർഡിന്റെ രജിസ്റ്റർ ഉ ാകണമെന്നും അതുവഴി ജൈവ വൈവിധ്യ പാർക്ക് ഉ ാകുവാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സജി ചെറിയാൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ എം.എൽ.എമാരായ മാത്യു ടി തോമസ്, വീണാ ജോർജ്, ഹരിത കേരളം മിഷൻ സംസ്ഥാന ഉപാധ്യക്ഷ ഡോ. ടി.എൻ സീമ എന്നിവർ മുഖ്യാതിഥികളായിരുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണു ഗോപാൽ, ചെങ്ങന്നൂർ നഗരസഭാ അധ്യക്ഷൻ കെ. ഷിബുരാജൻ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി അജിത, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ആക്ടിങ് പ്രസിഡന്റ് ആനി മേരി ചെറിയാൻ, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.എൻ.രാ ജീവ്, വരട്ടാർ സ്വാഗത സംഘം ചെയർമാൻ പി.ആർ പ്രദീപ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഒരു ജനതയുടെ സാമൂഹിക–സാംസ്കാരിക ജീവിതത്തിൽ നിർണായക പങ്ക് വഹിച്ച നദിയായിരുന്ന വരട്ടാറിനെ അനധികൃത കൈയേറ്റം കരയാക്കി മാറ്റുകയായിരുന്നു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഉൾപ്പെടുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകളായ ഇരവിപേരൂർ, കോയിപ്രം, കുറ്റൂർ, തിരുവൻവ ൂർ എന്നിവടങ്ങളിലുടെ ഒഴുകിയിരുന്ന നദിയുടെ ശോചനാവസ്ഥയെ ഇല്ലാതാക്കിയത് ജനകീയകൂട്ടായ്മയാണ്. ജനകീയമായി സമാഹരിച്ച 28 ലക്ഷം രൂപ ആദ്യ ഘട്ട പ്രവർത്തനത്തനങ്ങൾക്കായി വിനിയോഗിച്ചു. ര ാംഘട്ടത്തിൽ നദി കടന്നുപോകുന്ന നാല് ഇടങ്ങളിൽ പാലം നിർമിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് നടക്കുക.

ഫോട്ടോ അടിക്കുറിപ്:– ***മിനിസ്റ്റർ കൃഷ്ണൻ കുട്ടി:–*** ചെങ്ങന്നൂർ ഇടനാട് വഞ്ചിപ്പോട്ടിൽ കടവിൽ ര ാംഘട്ട വരട്ടാർ പുനരുജ്ജീവന ശില്പശാല മന്ത്രി കെ.കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

***മിനിസ്റ്റർ തോമസ് ഐസക്:–*** ചെങ്ങന്നൂർ ഇടനാട് വഞ്ചിപ്പോട്ടിൽ കടവിൽ ര ാംഘട്ട വരട്ടാർ പുനരുജ്ജീവന ശില്പശാല ഉദ്ഘാടനത്തിൽ മന്ത്രി ഡോ.തോമസ് ഐസ ക് മുഖ്യപ്രഭാഷണം നടത്തുന്നു.

(പിഎൻപി 3447/19)

# ശബരിമേളയിൽ ലഭിക്കുന്നത് മികച്ച ഉൽപ്പന്നങ്ങൾ: മന്ത്രി എം.എം മണി

വിവിധ സംസ്ഥാനങ്ങളിൽ നിന്നും ശബരിമല തീർഥാടനത്തിന് വരുന്നവർക്ക് ആകർഷകമായും മിതമായ നിരക്കിലും ഗുണനിലവാരമുള്ള സാധനങ്ങൾ ശബരിമേളയിൽ നിന്ന് വാങ്ങാൻ കഴിയുമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണി പറഞ്ഞു. പന്തളത്ത് ശാസ്താ ക്ഷേത്രത്തിന് സമീപം ശബരിമല തീർഥാടകർക്കായി വ്യവസായ വാണിജ്യ വകുപ്പ് ആരംഭിച്ച വ്യവസായ പ്രദർശന വിപണനമേളയായ-ശബരിമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിരവധി ഉൽപന്നങ്ങളുടെ മികച്ച പ്രചാരണം നേടുകയെന്ന ഉദ്ദേശം ശബരിമേളയ്ക്കു ്. കൂടുതൽ സ്റ്റാളുകൾ കൊ ുവരണം. അടുത്ത തീർഥാടന കാലത്തേക്ക് സ്റ്റാളുകൾ വിപുലമാക്കണമെന്നും മന്ത്രി പറഞ്ഞു. മേള ഫലപ്രദമാണെന്നു വ്യവസായ വാണിജ്യ വകുപ്പിനെ അഭിനന്ദിച്ചുകൊ ു അദ്ദേഹം പറഞ്ഞു. മിതമായ നിരക്കിൽ മായം കലർത്താത്ത മികച്ച ഉൽപന്നങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളതെന്നും 45 ദിവസത്തോളം നീ ുനിൽക്കുന്ന വിപണനമേള കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

ശബരിമല മണ്ഡല-മകര വിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 15 വരെയാണ് വ്യവസായ പ്രദർശന വിപണന മേള നടക്കുന്നത്.

ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ആദ്യവിൽപന കെ.എസ്.എസ്.ഐ ജില്ലാ പ്രസിഡന്റ് മോർലി ജോസഫിന് നൽകി നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി.രാജേന്ദ്രൻ, പന്തളം നഗരസഭ മുൻസിപ്പൽ ചെയർപേഴ്സൺ ടി.ആർ സതി, പന്തളം നഗരസഭ വാർഡ് കൗൺസിലർ കെ.ആർ രവി, പത്തനംതിട്ട കെ.എസ്.എസ്.ഐ.എ പ്രസിഡന്റ് മോർലി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ സി.ജി മിനിമോൾ എന്നിവർ പങ്കെടുത്തു.

കൈത്തറി, തേൻ, ചെറുകിട വ്യവസായ ഉത്പന്നങ്ങൾ തുടങ്ങിയവ ശബരിമേളയിൽ ഒരുക്കിയിട്ടു ്. ശബരിമല ഇടത്താവളങ്ങളിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടേയും പരമ്പരാഗത ഉൽപ്പന്നങ്ങളുടേയും ആകർഷകമായ വിപണന മേളയാണ് നടന്നുവരുന്നത്. പന്തളം കൂടാതെ തിരുവനന്തപുരം ആറ്റുകാൽ ദേവിക്ഷേത്രം, ആലപ്പുഴയിലെ ചെങ്ങന്നൂർ, മലപ്പുറത്തെ കുറ്റിപ്പുറം എന്നിവിടങ്ങളിലാണ് ആദ്യഘട്ട മേള നടക്കുന്നത്.

***ഫോട്ടോ അടിക്കുറിപ്പുകൾ:- ശബരിമേള:-***

പന്തളത്ത് ശാസ്താ ക്ഷേത്രത്തിന് സമീപം ശബരിമല തീർഥാടകർക്കായി വ്യവസായ വാണിജ്യ വകുപ്പ് ആരംഭിച്ച വ്യവസായ പ്രദർശന വിപണനമേളയായ-ശബരിമേള മന്ത്രി എം.എം മണി ഉദ്ഘാടനം ചെയ്യുന്നു.

***ശബരിമേള 2, 3:-*** പന്തളത്ത് ശാസ്താ ക്ഷേത്രത്തിന് സമീപം ശബരിമല തീർഥാടകർക്കായി വ്യവസായ വാണിജ്യ വകുപ്പ് ആരംഭിച്ച ശബരിമേള ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി എം.എം മണി  സ്റ്റാളുകൾ സന്ദർശിച്ചപ്പോൾ.

(പിഎൻപി 3448/19)

## വൈദ്യുതി ഉത്പാദന രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ

## തേടണം: മന്ത്രി എം.എം മണി

വൈദ്യുതി വിതരണ രംഗത്തും ഉത്പാദന രംഗത്തും പുതിയ സാങ്കേതിക വിദ്യകൾ തേടേ  തുെ  ന്ന് വൈദ്യുതി മന്ത്രി എം.എം മണി പറഞ്ഞു. പന്തളം സെന്റ് തോമസ് ചർച്ച് പാരീഷ് ഹാളിൽ 33 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലാനുസൃതമായ മാറ്റങ്ങൾ വൈദ്യുതി മേഖലയിൽ കൊ  ുവന്നില്ലെങ്കിൽ ഈ മേഖല പ്രതിസന്ധിയിലാകും. വൈദ്യുതി വിതരണ രംഗം പരിഷ്ക്കരിക്കണം. നൂതന വൈദ്യുത ഉത്പാദന മേഖലകൾ ഉെ  ങ്കിൽ ആ മാർഗങ്ങൾ വൈദ്യുതി ബോർഡ് പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സൗത്ത് ചീഫ് എഞ്ചിനീയർ ആർ. സുകു പദ്ധതിയുടെ റിപ്പോർട്ട് അവതരിപ്പിച്ചു. പന്തളം നഗരസഭ ചെയർപേഴ്സൺ ടി.കെ സതി, പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രേഖാ അനിൽ, നഗരസഭ വൈസ് ചെയർമാൻ ആർ. ജയൻ, നഗരസഭ കൗൺസിലർ എസ്.ശ്രീലത, മുൻ എം.എൽ.എമാരായ പി.കെ.കുമാരൻ, കെ.കെ ഷാജു, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളായ ബിജു ഫിലിപ്പ്, കെ.ആർ രവി, എബ്രഹാം തലവടി, മു  യ്ക്കൽ ശ്രീകുമാർ, കെ.എസ് ശിവകുമാർ തുടങ്ങിയവർ പങ്കെടുത്തു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻഗ്രേറ്റഡ് പവർ ഡെവലപ്—മെന്റ് സ്കീമിൽ ഉൾപ്പെടുത്തിയാണ് പന്തളം 33 കെ.വി സബ് സ്റ്റേഷൻ നിലവിൽ വന്നത്. പന്തളം പൂഴിക്കാട് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ ഈ സബ് സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നത് 220 കെ.വി സബ് സ്റ്റേഷനിൽ നിന്നും പുതുതായി നിർമ്മിച്ച 7.6 കി.മീ ദൈർഘ്യമുള്ള 33 കെ.വി ലൈനിലൂടെയാണ്. 5 എം.വി.എ ശേഷിയുള്ള ര ് 33/11 കെ.വി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ള ഈ സബ് സ്റ്റേഷനിൽ നിന്നും വൈദ്യുതി വിതരണത്തിനായി ആറ് 11 കെ.വി ഫീഡറുകളും സ്ഥാപിച്ചിട്ടു ്. ഈ സബ് സ്റ്റേഷൻ യാഥാർത്ഥ്യമായതോടെ പന്തളം മുനിസിപ്പാലിറ്റിയിലേയും, കുളനട, തുമ്പമൺ, നൂറനാട് എന്നീ ഗ്രാമ പഞ്ചായത്തുകളിലേയും വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(പിഎൻപി 3449/19)

## സൗരോർജ പദ്ധതി കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം:

## മന്ത്രി എം.എം മണി

കേരളത്തിന്റെ വൈദ്യുതി ഉത്പാദനം വർധിപ്പിക്കാൻ സൗരോർജ പദ്ധതി കാര്യക്ഷമമായി ഉപയോഗപ്പെടുത്തണമെന്ന് വൈദ്യുതി മന്ത്രി എം.എം മണി. സൗരോർജം ലോകമെമ്പാടും പ്രചാരണത്തിൽ വന്നു കൊ ിരിക്കുകയാണ്. ഈ രംഗത്ത് നിലവിൽ കേരളത്തിന് 200 മെഗാ വാട്ട് ഉദ്പാദനം ഉ ്. എന്നാൽ ഇത് വർധിപ്പിച്ച് കുറഞ്ഞത് 1000 മെഗാ വാട്ട് എങ്കിലും ഉദ്പാദിപ്പിക്കുക എന്നതാണ് വൈദ്യുതി ബോർഡിന്റെ ലക്ഷ്യം. അതിനായി കേരളത്തിലെ ജനങ്ങളും ബോർഡിനൊപ്പം നിൽക്കണം. സൗരോർജത്തിൽ നിന്ന് വൈദ്യുതി വീട്ടിൽ തന്നെ ഉത്പാദിക്കാനായി ടെറസിൽ സോളാർ പാനൽ സ്ഥാപിക്കാം. ഇതിനായി വൈദ്യുതി വകുപ്പ് അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഏകദേശം 2.85 ലക്ഷം അപേക്ഷകളാണ് ഇതിനോടകം ലഭിച്ചത്. സൗരോർജം വഴി വൈദ്യുതി ഉപ്പാദിപ്പിക്കാനുള്ള മറ്റൊരു മാർഗം നിലവിലുള്ള ഡാമുകളിൽ ഫ്ളോട്ടിങ് സോളാർ പാനൽ സ്ഥാപിക്കുകയാണ്.

കൃഷിക്ക് അനുയോജ്യമല്ലാത്ത തരിശു ഭൂമിയിലും സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉ ാക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ജില്ലയിലെ പുതിയ സബ് സ്റ്റേഷനുകളായ പന്തളം, ഏനാത്ത് സബ് സ്റ്റേഷനുകളുടെ ഉദ്ഘാടന ചടങ്ങുകളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

***ഫോട്ടോ അടിക്കുറിപ്പ്:- പന്തളം 1,2,3:-***

പന്തളം 33 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം മന്ത്രി എം.എം മണി നിർവഹിക്കുന്നു.

***പന്തളം 4:-***

പന്തളം 33 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹി മന്ത്രി എം.എം മണി സംസാരിക്കുന്നു.

(പിഎൻപി 3450/19)

## വൈദ്യുതി രംഗത്ത് മുന്നേറ്റം കൈവരിക്കുകയാണ്

## സർക്കാരിന്റെ പ്രധാന ലക്ഷ്യം: മന്ത്രി എം.എം മണി

വൈദ്യുതി രംഗത്ത് വിട്ടുവീഴ്ചയില്ലാത്ത മുന്നേറ്റം കൈവരിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണി പറഞ്ഞു. ഏനാത്ത് കുര്യാക്കോസ് ഓർത്തഡോക്സ് ചർച്ച് പാരിഷ് ഹാളിൽ നടന്ന ചടങ്ങിൽ കെ.എസ്.ഇ.ബി 66 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിന് നൽകിയ പ്രധാന വാഗ്ദാനങ്ങളായിരുന്നു സമ്പൂർണ വൈദ്യുതവത്കരണം, ലോഡ് ഷെഡിംഗ് നിർത്തലാക്കുക എന്നിവ. ഇക്കാലയളവിൽ ഇവ പാലിച്ചിട്ടുണ്ടെന്നും ഓഖി, പ്രളയം പോലുള്ള കടുത്ത പ്രതിസന്ധികളിൽ വൈദ്യുതി മേഖല തകരുന്ന അവസ്ഥയിലെത്തിയിട്ടും ഉദ്യോഗസ്ഥരുടെ കഠിനാധ്വാനവും ആത്മാർത്ഥതയുമാണ് വൈദ്യുതി ബോർഡിനെ പുനരുജ്ജീവിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, ഉപയോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ആവശ്യാനുസരണം തടസം കൂടാതെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വൈദ്യുതി ഉത്പാദന വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പ്രസരണ രംഗത്ത് കൂടുതൽ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുവാൻ വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായാണ് ഏനാത്ത് 110 കെ.വി നിലവാരത്തിൽ 66 കെ.വി സബ് സ്റ്റേഷൻ നിലവിൽ വന്നത്. അടൂർ സബ് സ്റ്റേഷനിൽ നിന്നും ഏനാത്ത് സബ് സ്റ്റേഷനിലേക്ക് 11.044 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ച 110 കെ.വി നിലവാരത്തിലുള്ള 66 കെ.വി ലൈനും 10 എം.വി.എശേഷിയുള്ള രണ്ട് 66/11 കെ.വി ട്രാൻസ്ഫോർമറുകളും ആറ് അനുബന്ധ 11 കെ.വി ഫീഡറുകളും അടങ്ങുന്നതാണ് ഏനാത്ത് സബ്സ്റ്റേഷൻ. ഈ പദ്ധതി യാഥാർത്ഥ്യമായതോടെ ഏനാത്ത്, വയല, വടക്കടത്തുകാവ്, മണ്ണടി, കുളക്കട, പട്ടാഴി എന്നീ പ്രദേശങ്ങളിലെ ഇരുപത്തി അയ്യായിരത്തിലധികം ഉപയോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുകയും വൈദ്യുതി തടസങ്ങൾക്ക് ശാശ്വത പരിഹാരമാകുകയും ചെയ്യും.

ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സൗത്ത് ചീഫ് എഞ്ചിനീയർ ആർ.സുകു പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി.ലത, ഏഴംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാമണി ഹരികുമാർ, ജില്ലാ പഞ്ചായത്ത് മെമ്പർ ബി.സതികുമാരി, ഏഴംകുളം ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ജോബോയ് ജോസഫ്, സരസ്വതി ഗോപി, എ.താജുദ്ദീൻ, എൻ.സുജാത, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എ.പി ജയൻ, പഴകുളം മധു, വർഗീസ് പേരയിൽ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഏനാത്ത്:-***

ഏനാത്ത് കെ.എസ്.ഇ.ബി 66 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം മന്ത്രി എം.എം മണി നിർവഹിക്കുന്നു.

***ഏനാത്ത് 1, 2:-***

ഏനാത്ത് കെ.എസ്.ഇ.ബി 66 കെ.വി സബ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹി മന്ത്രി എം.എം മണി സംസാരിക്കുന്നു.

(പിഎൻപി 3451/19)

## മിഷൻ ഗ്രീൻ ശബരിമല: ചെങ്ങന്നൂരിൽ പ്ലാസ്റ്റിക് എക്സ്ചേഞ്ച് കൗ ർ പ്രവർത്തനമാരംഭിച്ചു

ശബരിമലയിൽ ഹരിത ചട്ടം പാലിക്കുന്നതിന്റെ ഭാഗമായി 'പ്ലാസ്റ്റിക് ഉപേക്ഷിക്കൂ ശബരിമലയെ സംരക്ഷിക്കൂ' എന്ന സന്ദേശവുമായി പത്തനംതിട്ട ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് ആരംഭിച്ച കൗ റിന്റെ ഉദ്ഘാടനം ശബരിമല തീർത്ഥാടകർക്ക് പ്ലാസ്റ്റിക് കവറിനു പകരം തുണിസഞ്ചി നൽകി സജി ചെറിയാൻ എം.എൽ.എ നിർവ്വഹിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൗ റിൽ അയ്യപ്പ ഭക്തർക്ക് തങ്ങളുടെ കൈവശമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നൽകി പകരം തുണിസഞ്ചി സൗജന്യമായി വാങ്ങുന്നതിനുള്ള സൗകര്യമു ്. ചെങ്ങന്നൂർ നഗരസഭയുടെ സഹകരണത്തോടെയാണ് തുണിസഞ്ചി കൗ ർ ആരംഭിച്ചത്. ഇതോടൊപ്പംതന്നെ പുണ്യനദിയായ പമ്പയിൽ തുണി നിക്ഷേപിക്കുന്നതിനെതിരേയും പമ്പയിലും സന്നിധാനത്തും പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഒഴിവാക്കുന്നതിനുമുള്ള സന്ദേശങ്ങൾ അഞ്ച് ഭാഷകളിൽ ആലേഖനം ചെയ്ത പോക്കറ്റ് കാർഡുകളും നൽകുന്നു ്.

ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് അടുത്ത സീസണിലെ ആചാരപരിപാടികളും കാർഡിൽ ഉൾപ്പെടുത്തിയിട്ടു ്. കൗ റിലേക്കാവശ്യമായ തുണിസഞ്ചികൾ, പോക്കറ്റ് കാർഡ് എന്നിവ നൽകുന്നതും കൗ ർ പ്രവർത്തിപ്പിക്കുന്നതും പത്തനംതിട്ട ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിലാണ്. ചെങ്ങന്നൂർ നഗരസഭ ചെയർമാൻ കെ.ഷിബുരാജൻ, പത്തനംതിട്ട ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർ ടി.രാജൻ, ജില്ലാ ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ കെ.ആർ അജയ്, ടെക്നിക്കൽ കൺസൾട്ടന്റ് ജെറിൻ ജെയിംസ് വർഗീസ്, ആലപ്പുഴ ജില്ലാ ശുചിത്വമിഷൻ പ്രോഗ്രാം ഓഫീസർ അഖിൽ പ്രകാശൻ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:-***

ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് ആരംഭിച്ച കൗ റിൽ ശബരിമല തീർഥാടകർക്ക് പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണിസഞ്ചി നൽകുന്നതിന്റെ ഉദ്ഘാടനം സജി ചെറിയാൻ എം.എൽ.എ നിർവഹിക്കുന്നു.

(പിഎൻപി 3452/19)

## ലോകഭിന്നശേഷി ദിനാചരണം ജില്ലാതല ഉദ്ഘാടനം

ലോകഭിന്നശേഷി ദിനത്തോട് അനുബന്ധിച്ച് സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനം കൂടൽ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്തു. എസ്.എസ്.കെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റര് കെ.വി.അനിൽ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ കെ.ജി.അനിത, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.മനോജ്കുമാർ, പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

റോബിൻ പീറ്റർ, ജി.വി.എച്ച്.എസ്.എസ് കലഞ്ഞൂർ പ്രിൻസിപ്പൽ ലാലി, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ്, ജില്ലാ പഞ്ചായത്ത് അംഗം ബിനിലാൽ, കലഞ്ഞൂർ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ പി.വി.ജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.എൻ.സോമരാജൻ, വാർഡ് മെമ്പർമാരായ മനോജ് മുറിഞ്ഞകൽ, അശ്വതി, ഡയറ്റ് പ്രിൻസിപ്പൽ പി.ലാലിക്കുട്ടി, എസ്.എസ്.കെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, എസ്.എസ്.കെ ജില്ലാ പ്രോഗ്രാം ഓഫീസർ എ.പി ജയലക്ഷ്മി, കോന്നി ബി.പി.ഒ വർഗീസ് മാത്യു, പി.ടി.എ പ്രസിഡന്റ് പി.പി സന്തോഷ്കുമാർ, ഹെഡ്മിസ്ട്രസ് എ.ആർ സുധർമ്മ തുടങ്ങിയവർ പങ്കെടുത്തു.കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തി.

***ഫോട്ടോ അടിക്കുറിപ്പ്:- അന്നപൂർണാദേവി:-***

സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടന്ന ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കുന്നു.

(പിഎൻപി 3453/19)

## ലോകഭിന്നശേഷി ദിനാചരണം; ദീപശിഖാപ്രയാണം നടത്തി

ലോകഭിന്നശേഷി ദിനത്തോട് അനുബന്ധിച്ച് സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടത്തിയ ദീപശിഖാപ്രയാണത്തിന്റെ ഫ്ളാഗ് ഓഫ് അഡ്വ.കെ.യു.ജനീഷ്കുമാർ എം.എൽ.എ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പഞ്ചായത്ത് ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ കെ.ജി.അനിത, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.മനോജ്കുമാർ, പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ്, ജില്ലാ പഞ്ചായത്ത് അംഗം ബിനിലാൽ, കലഞ്ഞൂർ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ പി.വി.ജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.എൻ.സോമരാജൻ, വാർഡ് മെമ്പർമാരായ മനോജ് മുറിഞ്ഞകൽ, അശ്വതി, ഡയറ്റ് പ്രിൻസിപ്പൽ പി.ലാലിക്കുട്ടി, കലഞ്ഞൂർ ജി.വി.എച്ച്.എസ്.എസ് പ്രിൻസിപ്പൽ ലാലി, എസ്.എസ്.കെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കെ.ജെ.ഹരികുമാർ, എസ്.എസ്.കെ ജില്ലാ പ്രോഗ്രാം ഓഫീസർ എ.പി ജയലക്ഷ്മി, കോന്നി ബി.പി.ഒ വർഗീസ് മാത്യു, പി.ടി.എ പ്രസിഡന്റ് പി.പി സന്തോഷ്കുമാർ, ഹെഡ്മിസ്ട്രസ് എ.ആർ സുധർമ്മ തുടങ്ങിയവർ പങ്കെടുത്തു

***ജനീഷ്കുമാർ:-***

ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ നടത്തിയ ദീപശിഖാ പ്രയാണത്തിന്റെ ഫ്ളാഗ് ഓഫ് അഡ്വ.കെ.യു.ജനീഷ്കുമാർ എം.എൽ.എ നിർവഹിക്കുന്നു.

(പിഎൻപി 3454/19)

## പൂഴ്ത്തിവെയ്പ് തടയുന്നതിന് പരിശോധന; കേസെടുത്തു

കരിഞ്ചന്തയും പൂഴ്ത്തിവെയ്പും അമിതവില ഈടാക്കലും തടയുന്നതിന്റെ ഭാഗമായി കോഴഞ്ചേരി താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്ന് കോഴഞ്ചേരി താലൂക്കിലെ പൊതുവിപണിയിൽ പരിശോധന നടത്തി. പത്തനംതിട്ട, കുമ്പഴ, ഓമല്ലൂർ,കോഴഞ്ചേരി , തെക്കേമല തുടങ്ങിയ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ വിലവിവരം പ്രദർശിപ്പിക്കാതിരുന്ന ഏഴ് പച്ചക്കറി , പലചരക്ക് കടകൾക്കെതിരെ കേസെടുത്തു. ശബരിമല തീർഥാടന കാലത്ത് ജില്ലാ കളക്ടർ നിശ്ചയിച്ച വിലയിൽ കൂടുതൽ ഈടാക്കിയ കോഴഞ്ചേരി ആര്യഭവൻ ഹോട്ടലിനെതിരെയും കേസെടുത്തു.

മതിയായ രേഖകളില്ലാത്ത ത്രാസ് ഉപയോഗിച്ചതിനും പായ്ക്കിംഗ് ലേബൽ ഇല്ലാതെ പായ്കറ്റ് സാധനങ്ങൾ വിറ്റതിനും 7000 രൂപ പിഴ ഈടാക്കി. പരിശോധനയിൽ താലൂക്ക് സപ്ലൈ ഓഫീസർ ആർ. സുരേഷ് കുമാർ , ലീഗൽ മെട്രോളജി ഇൻസ്പെക്ടർ കെ.ആർ വിപിൻ, അസിസ്റ്റന്റ് സപ്ലൈ ഓഫീസർ ദിലീപ് കുമാർ , റേഷനിംഗ് ഇൻസ്പെക്ടർമാരായ അബ്ദുൾ റൗഫ്, രാധേഷ്, ലിസി സാം, ലീഗൽ മെട്രോളജി അസിസ്റ്റന്റ് വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 3455/19)

## വാർഷിക പദ്ധതി യോഗം ഇന്ന് (4)

ജില്ലയിലെ മുൻസിപ്പാലിറ്റികളുടെയും ജില്ലാ പഞ്ചായത്തിന്റെയും 2019-20 വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനായി ഇന്ന് (4) ഉച്ചയ്ക്ക് ര ിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പുരോഗതി റിപ്പോർട്ട് സഹിതം പങ്കെടുക്കണം.

(പിഎൻപി 3456/19)

## താലൂക്ക് വികസന സമിതി

കോന്നി താലൂക്ക് വികസന സമിതി യോഗം ഏഴിന് രാവിലെ 10.30 ന് കോന്നി താലൂക്ക് ഓഫീസിൽ നടക്കും.

(പിഎൻപി 3457/19)

## ക്വട്ടേഷൻ

പട്ടിക വർഗ വികസന വകുപ്പിന് കീഴിൽ വടശേരിക്കരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികളെ പട്ടിക വർഗ വികസന വകുപ്പ് നടത്തുന്ന സഹവാസ ക്യാമ്പ് പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിന് കൊ ുപോകുന്നതിനായി 55 സീറ്റുകളുള്ള ഒരു ലക്ഷ്വറി ടൂറിസ്റ്റ് ബസ് ലഭ്യമാക്കുവാൻ

ക്വട്ടേഷന്‍ ക്ഷണിച്ചു. ക്വട്ടേഷന്‍ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 11ന് വൈകുന്നേരം മൂന്ന്. വിശദവിവരങ്ങള്‍ക്ക് 04735-251153 എന്ന നമ്പരില്‍ ബന്ധപ്പെടണം.

(പിഎന്‍പി 3458/19)

## ക്ഷേമനിധി- അംഗങ്ങളുടെ മക്കള്‍ക്ക് സിവില്‍ സര്‍വീസ് കോച്ചിംഗ്

കേരള ഷോപ്സ് ആന്‍ഡ് കൊമേഴ്സ്യല്‍ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയില്‍ അംഗങ്ങളായവരുടെ മക്കള്‍ക്കും ആശ്രിതര്‍ക്കുമായി തിരുവനന്തപുരത്തുള്ള കേരള ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ലേബര്‍ ആന്‍ഡ് എംപ്ളോയ്മെന്റിന്റെ (കിലെ) കീഴില്‍ സിവില്‍ സര്‍വീസ് കോഴ്സ് തുടങ്ങാന്‍ സര്‍ക്കാര്‍ തീരുമാനിച്ചു. 2020 ജൂണ്‍ ര ിന് യൂണിയന്‍ പബ്ലിക് സര്‍വീസ് കമ്മീഷന്‍ നടത്തുന്ന സിവില്‍ സര്‍വീസ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. 2020 ആഗസ്റ്റ് ഒന്നിന് 21 വയസ് പൂര്‍ത്തിയായിരിക്കണം. പരമാവധി പ്രായം 32 വയസാണ്. പിന്നോക്ക വിഭാഗങ്ങള്‍ക്ക് മൂന്ന് വര്‍ഷത്തെയും, പട്ടികജാതി പട്ടികവര്‍ഗക്കാര്‍ക്ക് അഞ്ചു വര്‍ഷത്തേയും, ഭിന്നശേഷിക്കാര്‍ക്ക് 10 വര്‍ഷത്തേയും വയസിളവ് ലഭിക്കും. താല്‍പര്യമുള്ള തൊഴിലാളികളുടെ മക്കളും ആശ്രിതരും വിദ്യാഭ്യാസം, വയസ്, ജാതി എന്നിവ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട ക്ഷേമ ബോര്‍ഡുകളില്‍ നിന്നും ലഭിക്കുന്ന ബന്ധുത്വ സര്‍ട്ടിഫിക്കറ്റും സഹിതം എക ്സിക്യൂട്ടീവ് ഡയറക്ടര്‍, കേരള ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ലേബര്‍ ആന്‍ഡ് എംപ്ലോയ്മെന്റ്, നാലാംനില, തൊഴില്‍ ഭവന്‍, വികാസ് ഭവന്‍.പി.ഒ, തിരുവനന്തപുരം -33 എന്ന വിലാസത്തില്‍ ഈമാസം 10ന് അകം അപേക്ഷ സമര്‍പ്പിക്കണം. വിശദ വിവരങ്ങളും അപേക്ഷ ഫോമും www.kile.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(പിഎന്‍പി 3459/19).


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 3<br>December 3 | 2019 |
|---|---|

*1193 വൃശ്ചികം 17* ചൊവ്വ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കവിയൂർ പുഞ്ച സന്ദർശിച്ച് മന്ത്രി കെ. കൃഷ്ണൻ കുട്ടി**

പങ്കാളിത്തത്തോടെ തരിശ് കൃഷി വിജയകരമാക്കിയ കവിയൂർ പുഞ്ച സന്ദർശിച്ച് ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി. കവിയൂർ പുഞ്ചയിൽ സുസ്ഥിര കൃഷി നടപ്പാക്കുകയും വലിയ ആഴമുള്ള കുറ്റപ്പുഴ തോടിന്റെ കരയിൽ അപകടകരമായ അവസ്ഥയിൽ താമസിക്കുന്ന താമസക്കാരുടെ അവസ്ഥയും നേരിട്ട് ബോധ്യപ്പെടാനാണ് കവിയൂർപുഞ്ചയുടെ ഭാഗമായ കുറ്റപ്പുഴ തോട്, നാട്ടുകടവ് എന്നീ പ്രദേശങ്ങൾ മന്ത്രി മന്ത്രി സന്ദർശിച്ചത്.

വരട്ടാർ പുനരുജ്ജീവന ശില്പശാലയിൽ പങ്കെടുക്കവെ കവിയൂർ പുഞ്ചയിലെ കർഷകരുടെയും കെ.മോഹൻകുമാർ കിഴക്കൻമുത്തൂരിന്റെയും അഭ്യർത്ഥന മാനിച്ചാണ് മന്ത്രി എത്തിയത്.

സാധാരണ ഗതിയിൽ നവംബർ പകുതിയോടെ കൃഷിയിറക്കേ പുഞ്ചയിൽ ഡിസംബറായിട്ടും വെള്ളം കെട്ടി നിൽക്കുന്നത് കൃഷി ആരംഭിക്കുന്നതിന് തടസം നിൽക്കുന്നു. കാലാവസ്ഥ വ്യതിയാനമനുസരിച്ച് കൃഷി നടക്കുകയും

കവിയൂർ പുഞ്ചയിൽ സുസ്ഥിര കൃഷി എന്നത് സാധ്യമാക്കുന്നതിന് കുറ്റപുഴ തോടിന്റെ നവീകരണവും കറ്റോട് ചീപ്പിന്റെ പുനർ നിർമ്മാണവും ആവശ്യമാണ്. കറ്റോട് ചീപ്പ് വഴി മണിമലയാറിലേക്ക് കുറ്റപ്പുഴ തോട്ടിൽ നിന്നുമുള്ള വെള്ളത്തിന്റെ ഒഴുക്ക് സുഗമമായാൽ കവിയൂർ പുഞ്ചയിൽ സുസ്ഥിരമായി കൃഷി നടപ്പിലാക്കുവാൻ സാധിക്കും. നടപടികൾക്ക് ആവശ്യമായ രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകുവാൻ സ്ഥല സന്ദർശന വേളയിൽ മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. ഡിസംബർ 18 ന് തിരുവനന്തപുരത്ത് ചേരുന്ന ഉന്നതതല യോഗത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

മാത്യു ടി തോമസ് എം.എൽ.എ, ജില്ലാ പഞ്ചായത്തംഗവും കവിയൂർ പുഞ്ച കോ-ഓർഡിനേറ്ററുമായ എസ്.വി സുബിൻ, കവിയൂർ പഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു, തിരുവല്ല നഗരസഭാ കൗൺസിലർമാരായ അരുന്ധതി രാജേഷ്, ശാന്തമ്മ മാത്യു , ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ആർ.രാജേഷ്, പാടശേഖര സമിതി അംഗങ്ങളായ അനിൽകുമാർ, പ്രസാദ് കുമാർ പാട്ടത്തിൽ, രാജേഷ് കാടമുറി, കെ.പി മധുസൂദനൻ പിള്ള ആമല്ലൂർ, ലിറ്റി എബ്രഹാം തുടങ്ങിയവർ കവിയൂർ പുഞ്ചയുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. വിവിധ സാമൂഹിക രാഷ്ട്രീയ നേതാക്കളും മന്ത്രിയോടൊപ്പം സ്ഥലം സന്ദർശിച്ചു.

30 വർഷത്തോളം തരിശായി കിടന്ന കവിയൂർ പുഞ്ചയിൽ 2018 ലാണ് ജനകീയ പങ്കാളിത്തതോടെ കൃഷി ഇറക്കി തരിശ് കൃഷി വിജയകരമാകിയത്.

***ഫോട്ടോ അടിക്കുറിപ്പ്:-***

***കവിയൂർ പുഞ്ച 1:-*** ജനപങ്കാളിത്തത്തോടെ തരിശ് കൃഷി വിജയകരമാക്കിയ കവിയൂർ പുഞ്ച മന്ത്രി കെ.കൃഷ്ണൻ കുട്ടി സന്ദർശിച്ചപ്പോൾ.

(പിഎൻപി 3460/19).

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഡിസംബർ 3 | |
|---|---|
| **December 3** | **2019** |

*1193 വൃശ്ചികം 17* ചൊവ്വ

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ര ാംഘട്ടം**

**ഒരു വർഷത്തിനകം പൂർത്തിയാക്കും: മന്ത്രി കെ. കൃഷ്ണൻ കുട്ടി**

സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ ര ാം ഘട്ടം ഒരു വർഷം കൊ ് പൂർത്തീയാക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ ശ്യംഖലയുടെ നിർമ്മാണം ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പദ്ധതിയുടെ കൃത്യമായ പ്രവർത്തന രേഖ തയ്യാറാക്കി അത് പ്രകാരം ഓരോ മൂന്നു മാസത്തിലും നടക്കുന്ന പ്രവർത്തികളുടെ റിപ്പോർട്ട് പരിശോധിക്കണമെന്നും മന്ത്രി പറഞ്ഞു. കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകളിലെ വെള്ളം ആറ് മാസത്തിൽ ഒരിക്കൽ പരിശോധന നടത്തി ശുദ്ധമാണെന്ന് ഉറപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. നബാർഡിന്റെ ധനസഹായതോടെ 20 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ര ാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര ഗ്രാമപഞ്ചായതുകളിലായി സ്ഥാപിക്കുന്ന ശുദ്ധജല വിതരണ ശ്യംഖലയുടെ മൂന്നാംഘട്ട

സമഗ്ര എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി റീബിൾഡ് കേരളയിൽ സമർപ്പിച്ചിട്ടു ്.

മാത്യു ടി തോമസ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള ജല അതോറിട്ടി മാനേജിങ് ഡയറക്ടർ ഡോ.എ കൗശിഗൻ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ആക്ടിങ് ചെയർമാൻ അനിൽ മേരി ചെറിയാൻ, കേരള വാട്ടർ അതോറിറ്റി ബോർഡ് മെമ്പർ അലക്സ് കണ്ണമല, ജില്ലാ പഞ്ചായത്തംഗം സാം ഈപ്പൻ, നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാ പ്രസാദ്, കടപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷിബു വർഗീസ്, ബ്ലോക്ക് പഞ്ചായത്തംഗം സൂസമ്മ പൗലോസ്, നിരണം ഗ്രാമപഞ്ചായത്തംഗം ഷെമീന.എച്ച് തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്:- നിരണം:-***

നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ ശ്യംഖലയുടെ നിർമ്മാണം ഉദ്ഘാടനം നിർവഹിച്ചു മന്ത്രി കെ.കൃഷ്ണൻ കുട്ടി സംസാരിക്കുന്നു.

***നിരണം 1, 2:-***

നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ ശ്യംഖലയുടെ നിർമ്മാണം ഉദ്ഘാടനം മന്ത്രി കെ.കൃഷ്ണൻ കുട്ടി നിർവഹിക്കുന്നു.

(പിഎൻപി 3461/19).

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.